# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ സന്ദർശനത്തിനെത്തിയ ചിലി പ്രസിഡൻറ് ഗബ്രിയേൽ ബോറിക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. ലാറ്റിനമേരിക്കയിൽ ഇന്ത്യയുടെ പ്രധാന സുഹൃത്തും പങ്കാളിയുമാണ് ചിലിയെന്ന് ശ്രീ മോദി.

   Prime Minister Narendra Modi met visiting Chilean President Gabriel Boric. Shri Modi said that Chile is an important friend and partner of India in Latin America.

2. വഖഫ് ഭേദഗതി ബിൽ നാളെ ലോക്സഭ പരിഗണിക്കും. ബില്ലിനെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ സർക്കാർ തയ്യാറാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

   2. The Lok Sabha will consider the Waqf Amendment Bill tomorrow. Union Minister Kiren Rijiju said that the government is ready to answer all questions on the bill.

3. 2029 ഓടെ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയായി ഉയർത്തുകയാണ് ലക്ഷ്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   India's defence exports are set to reach Rs 50,000 crore Rs. by 2029, says Defence Minister Rajnath Singh

4. അമേരിക്കൻ ചരക്കുകൾക്ക് തീരുവ ചുമത്തുന്ന രാജ്യങ്ങൾക്ക് തീരുവ പ്രഖ്യാപിക്കുമെന്ന് യുഎസ് പ്രസിഡൻറ്. നടപടിയെ പ്രതിരോധിക്കാൻ പ്രാദേശികതലത്തിൽ വ്യാപാരം ശക്തിപ്പെടുത്താൻ മറ്റ് രാജ്യങ്ങൾ .

   US President says that he will announce sanctions on countries that impose tariffs on American goods. Other countries to strengthen trade at the regional level to counter the action.

5. ആശാ പ്രവർത്തകരുടെ ഇൻസെൻറീവ് വർധന പരിഗണിക്കുമെന്ന് കേന്ദ്രം ഉറപ്പുനൽകിയതായി മന്ത്രി വീണാ ജോർജ്

   Minister Veena George says the Centre has assured that it will consider increasing the incentive for ASHA workers.

6. ഐപിഎലിൽ ലഖ്നൗവിനെതിരെ പഞ്ചാബ് ഫീൽഡിംഗ് തെരഞ്ഞെടുത്തു

Punjab opts to field against Lucknow in IPL.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## PREZ-RBI

രാജ്യത്തിൻറെ സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആർബിഐയുടെ പങ്ക് സ്തുത്യർഹമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. റിസർവ് ബാങ്കിൻറെ 90-ാ ാം വാർഷികാഘോഷ സമാപനച്ചടങ്ങിനെ മുംബൈയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഡിജിറ്റൽ പണമിടപാടുകളിൽ ഇന്ത്യയെ ആഗോള തലത്തിൽ മുന്നിൽ എത്തിക്കാൻ ആർ ബി ഐക്കായെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## CHILE PREZ VISIT (INTRO)

ദുരന്ത നിവാരണം, സംസ്കാരികം എന്നീ മേഖലകളിലെ സഹകരണത്തിനുള്ള കരാറുകൾ ഇന്ത്യയും ചിലിയും തമ്മിൽ കൈമാറി. അൻ്റാർട്ടിക്ക സഹകരണത്തിനായുള്ള ലെറ്റർ ഓഫ് ഇൻറൻറും ഇരുപക്ഷവും കൈമാറി. അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ചിലി പ്രസിഡൻറ് ഗബ്രിയേൽ ബോറിക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ചിലിയും തമ്മിൽ എല്ലാ മേഖലയിലുമുള്ള ബന്ധം ഇരു നേതാക്കളും ചർച്ച ചെയ്തു. ലാറ്റിനമേരിക്കയിൽ ഇന്ത്യയുടെ പ്രധാന സുഹൃത്തും പങ്കാളിയുമാണ് ചിലിയെന്ന് ശ്രീ മോദി പ്രസ്താവനയിൽ പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ വിവിധ മേഖലകളിൽ സഹകരണം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയതായി അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഇന്ത്യ- ചിലി സഹകരണം മെച്ചപ്പെടുത്താനുള്ള ഗബ്രിയേൽ ബോറിക്കിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ അഭിപ്രായപ്പെട്ടു. ഇന്ത്യയുമായി നിരവധി മേഖലയിൽ ബന്ധങ്ങൾ വികസിക്കാനുള്ള സാധ്യത ചിലിയിൽ ഉണ്ടെന്ന് ചിലി പ്രസിഡൻ്റ് ബോറിക് പറഞ്ഞു. വ്യാപാര- വ്യവസായ പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരുമായും ചിലി പ്രസിഡൻറ് കൂടിക്കാഴ്ച നടത്തും.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## LS- ADJOURN

പാർലമെൻറിൽ വിവിധ വിഷയങ്ങളിൽ ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭാ നടപടികൾ പുരോഗമിക്കുന്നു. റാണ സംഗയെക്കുറിച്ച് സമാജ് വാദി പാർട്ടി എം.പി റാംജി ലാൽ സുമൻ നടത്തിയ പരാമർശത്തിന് ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട ആക്രമണത്തിൻറെ വിഷയം ശൂന്യവേളയിൽ ഉന്നയിക്കാൻ സമാജ് വാദി പാർട്ടി അംഗങ്ങൾ ശ്രമിച്ചത് നേരത്തെ ലോക്സഭയിൽ ബഹളത്തിനിടയാക്കിയിരുന്നു. പ്രതിപക്ഷ അംഗങ്ങൾ നൽകിയ അടിയന്തര പ്രമേയ നോട്ടീസുകൾ സ്പീക്കർ ഓം ബിർള തള്ളി. ഡ്യൂപ്ലിക്കേറ്റ് വോട്ടർ ഐ.ഡി നമ്പറുമായി ബന്ധപ്പെട്ട് തൃണമൂൽ കോൺഗ്രസ് എംപിമാർ ഇന്ന് രാജ്യസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

✡✡✡✡✡✡✡✡✡✡✡✡✡

## LS-COASTAL SHIPPING

തീരദേശ ഷിപ്പിംഗ് ബിൽ ഇന്ന് ലോക്സഭ പരിഗണിച്ചു. തീരദേശ ഷിപ്പിംഗിൻറെ നിയന്ത്രണവുമായി ബന്ധപ്പെട്ട നിയമത്തിൻറെ ഏകീകരണം ഭേദഗതി തീരദേശ വ്യാപാരത്തിൻറെ പ്രോത്സാഹനം. ആഭ്യന്തര പങ്കാളിത്തം എന്നിവ ബിൽ ലക്ഷ്യമിടുന്നു. ഇന്ത്യയുടെ വിശാലവും തന്ത്രപ്രധാനവുമായ തീരപ്രദേശത്തിൻറെ മുഴുവൻ സാധ്യതകളും തുറക്കുന്നതാണ് ബില്ലെന്ന്, ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡

## RS-AIRCRAFT

എയർക്രാഫ്റ്റ് ഒബ്ജക്റ്റ് താൽപര്യ സംരക്ഷണ ബിൽ ഇന്ന് രാജ്യസഭ പാസാക്കി. മൊബൈൽ എക്യുപ്മെൻറുകളുടെ അന്താരാഷ്ട്ര താൽപര്യം സംബന്ധിച്ച സമ്പ്രദായങ്ങൾക്ക് നിയമപരമായ പ്രാബല്യം നൽകുന്നതാണ് ബിൽ. കൂടാതെ ഇതിൽ നിയമനിർമാണം നടത്താനും ബിൽ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നു.

✡✡✡✡✡✡✡✡✡✡✡✡✡

## DEFENCE EXPORT

രാജ്യത്തെ പ്രതിരോധ കയറ്റുമതി 2024-25 സാമ്പത്തിക വർഷത്തിൽ 12.04 ശതമാനം വളർച്ച രേഖപ്പെടുത്തി 23,600 കോടി രൂപയിലെത്തിയതായി പ്രതിരോധ മന്ത്രാലയം. പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങൾ 42.85

ശതമാനം വളർച്ച രേഖപ്പെടുത്തിയെന്നും മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. 2029 ഓടെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയായി ഉയർത്തുകയെന്ന ലക്ഷ്യത്തിലേക്കാണ് രാജ്യം നീങ്ങുന്നതെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## LS-AGRICULTURE

അന്താരാഷ്ട്ര വിപണിയിൽ രാസവളത്തിന്റെ വില കുതിച്ചുയരുമ്പോഴും കർഷകർക്ക് താങ്ങാനാവുന്ന വിലയിൽ സബ്സിഡി നിരക്കിൽ വളം നൽകിയിട്ടുണ്ടെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ലോക്സഭയിൽ പറഞ്ഞു. വളത്തിന്റെ വില പരിശോധിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്ക് കാലാവസ്ഥയെ പ്രതിരോധിക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്ത് നൽകാൻ സർക്കാർ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## WORLD-US-NEW TARIFFS

അമേരിക്കൻ ചരക്കുകൾക്ക് തീരുവ ചുമത്തുന്ന എല്ലാ രാജ്യങ്ങൾക്കും തീരുവ പ്രഖ്യാപിക്കാനൊരുങ്ങി യുഎസ് പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപ്. മെക്സിക്കോ, കാനഡ, യൂറോപ്യൻ യൂണിയൻ എന്നിവയ്ക്കൊപ്പം, ചില ഏഷ്യൻ രാജ്യങ്ങൾക്കും ഇത് ബാധകമാകും. അതേസമയം അമേരിക്കയുടെ നടപടിയെ പ്രതിരോധിക്കാൻ പ്രാദേശികതലത്തിൽ വ്യാപാരം ശക്തിപ്പെടുത്താനുള്ള തയ്യാറെടുപ്പിലാണ് മറ്റ് രാജ്യങ്ങൾ. തീരുവ വർദ്ധനകൾക്ക് മറുപടി നൽകാൻ യൂറോപ്പിന് ശക്തമായ പദ്ധതിയുണ്ടെന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡൻ്റ് ഉർസുല വോൺ ഡെർ ലെയ്ൻ പ്രതികരിച്ചു. ആഗോള ചരക്ക് വ്യാപാര കമ്മി കുറയ്ക്കാനാണ് ശ്രമിക്കാൻ താൻ ശ്രമിക്കുന്നതെന്ന് ട്രംപ് മാധ്യമങ്ങളോട് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## WAQF (INTRO)

വഖഫ് ഭേദഗതി ബില്ലിലൂടെ ആരുടെയും സ്വത്ത് കണ്ടുകെട്ടാൻ ശ്രമിക്കുന്നില്ലെന്ന് കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷി. പ്രതിപക്ഷം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. അതേസമയം ബില്ലിനെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ സർക്കാർ

തയ്യാറാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു. വഖഫ് ഭേദഗതി ബിൽ നാളെ ലോകസ്ലഭ പരിഗണിക്കാനിരിക്കെയാണ് പ്രതികരണം.

(ഹോൾഡ് വോയ്സ്)

വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ബി.ജെ.പി ഒരു പ്രത്യേക ന്യൂനപക്ഷ വിഭാഗത്തെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് ആരോപിച്ചു. വഖഫ് ഭേദഗതി ബിൽ നിലവിൽ വരുന്നതാണ് മുനമ്പം വിഷയം പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## VEENA GEORGE

ആശാ പ്രവർത്തകരുടെ ഇൻസെൻറീവ് വർധിപ്പിക്കുന്നത് പരിഗണിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ ഉറപ്പു നൽകിയതായി മന്ത്രി വീണാ ജോർജ്. ആശമാർക്ക് ലഭിക്കാനുള്ള കുടിശ്ശികയുടെ കാര്യം പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായും മന്ത്രി പറഞ്ഞു. ന്യൂ ഡൽഹിയിൽ കേന്ദ്ര ആരോഗ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച്ചക്കു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

✡✡✡✡✡✡✡✡✡✡✡✡✡✡

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയൻറ്സിനെതിരെ ടോസ് നേടിയ പഞ്ചാബ് കിംഗ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ലഖ്നൗവിലെ ഏകാന സ്റ്റേഡിയത്തിലാണ് മത്സരം.

✡✡✡✡✡✡✡✡✡✡✡✡✡✡

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ഗോവ - ബംഗളുരുവിനെയും മോഹൻ ബഗാൻ - ജംഷഡ്പുരിനെയും നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

✡✡✡✡✡✡✡✡✡✡✡✡✡✡

## INDIA JAPAN- SPACE DIALOGUE

മൂന്നാമത് ഇന്ത്യ-ജപ്പാൻ ബഹിരാകാശ സംഭാഷണം ഇന്ന് ടോക്കിയോയിൽ നടന്നു. ദേശീയ ബഹിരാകാശ പരിപാടികൾ, ഉഭയകക്ഷി ബഹിരാകാശ സഹകരണം, ക്വാഡ് ബഹിരാകാശ സഹകരണം, വ്യവസായ തലത്തിലുള്ള സഹകരണം തുടങ്ങിയവയെക്കുറിച്ച് ചർച്ചകൾ നടന്നു. നിരായുധീകരണ, അന്താരാഷ്ട്ര സുരക്ഷാ കാര്യ വിഭാഗം ജോയിൻ്റ് സെക്രട്ടറി, ഐഎസ്ആർഒ സയൻ്റിഫിക് സെക്രട്ടറി എന്നിവരാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്.

✪✪✪✪✪✪✪✪✪✪✪✪✪✪

## VIZHINJAM - VASAVAN

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ മാർച്ച് മാസത്തിൽ എത്തിച്ചേർന്നത് 53 ചരക്ക് കപ്പലുകളെന്ന് മന്ത്രി വി എൻ വാസവൻ. 1,12,562 T.E.U ആണ് തുറമുഖത്ത് കൈകാര്യം ചെയ്തതെന്നും മന്ത്രി വാർത്താ കുറിപ്പിൽ അറിയിച്ചു. ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതു മുതൽ മാർച്ച് വരെ 240 കപ്പലുകളാണ് എത്തിച്ചേർന്നത്.

✪✪✪✪✪✪✪✪✪✪✪✪✪✪

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവം - മേട മാസ, വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. 18 ദിവസം തുടർച്ചയായി ദർശനം നടത്താം. നാളെ രാവിലെ സന്നിധാനത്ത് കൊടിയേറ്റ് നടക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪

## INDIA-US TRI-SERVICE

മൂന്ന് സേനാവിഭാഗങ്ങളെയും സംയോജിപ്പിച്ച് മാനുഷിക സഹായം ദുരിതാശ്വാസം എന്നീ മേഖലകളിലെ സഹകരണത്തിനായി ഇന്ത്യയും അമേരിക്കയും തമ്മിൽ സംഘടിപ്പിക്കുന്ന അഭ്യാസമായ 'ടൈഗർ ട്രയംഫിൻ്റെ' നാലാം പതിപ്പിന് വിശാഖപട്ടണത്ത് തുടക്കമായി. ഇരു രാജ്യങ്ങൾക്കുമിടയിൽ മാനുഷിക സഹായവും ദുരിതാശ്വാസ

പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ രൂപപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## SC-SABARMATI

സബർമതി ആശ്രമം പുനഃരുദ്ധാരണത്തിനായി ഗുജറാത്ത് സർക്കാർ ഏറ്റെടുത്തതിനെതിരെ ഗാന്ധിജിയുടെ പ്രപൗത്രൻ തുഷാർ ഗാന്ധി നൽകിയ ഹർജി പരിഗണിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. ജസ്റ്റിസുമാരായ എം.എം. സുന്ദരേശനും, രാജേഷ് ബിന്ദാലും അടങ്ങുന്ന ബെഞ്ചാണ് ഹർജി തള്ളിയത്. ആശ്രമത്തിന്റെ പുനഃനിർമാണത്തിന് അംഗീകാരം നൽകുന്ന 2021-ലെ പ്രമേയം റദ്ദാക്കാൻ ഗുജറാത്ത് ഹൈക്കോടതി നേരത്തെ വിസമ്മതിച്ചിരുന്നു. ഈ വിധിയെ ചോദ്യം ചെയ്താണ് സുപ്രീം കോടതിയെ സമീപിച്ചത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## MOODYS-INDIA

രാജ്യത്ത് നടപ്പാക്കിയ സാമ്പത്തിക ഇളവുകളുടെയും നികുതി ഭേദഗതി കളുടെയും ഫലമായി ജി 20 രാജ്യങ്ങളിൽ ഇന്ത്യയുടെ വളർച്ച 6.5 ശതമാന മായി തുടരുമെന്ന് മൂഡിസ് റേറ്റിംഗ് റിപ്പോർട്ട്. രാജ്യം മൂലധന നിക്ഷേപം തുടരുമെന്നും ഇന്ന് പുറത്തിറക്കിയ റിപ്പോർട്ട് പറയുന്നു.

✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡
✡✡✡✡✡